LIBRARY ARCHIVES Kerala Legislative Assembly

(ഡി) അഡീഷണൽ ഓതറൈസേഷനുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ;

(ഇ) അഡീഷണൽ ഓതറൈസേഷൻ ലഭ്യമാക്കി കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(സി-ഇ) ഈ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ അഡീഷണൽ ഓതറൈസേഷന്റെ ആവശ്യം നിലവിലില്ല. 535 ലക്ഷത്തിന്റെ (അഞ്ഞൂറ്റി മുപ്പത്തി അഞ്ച് ലക്ഷം) പുതുക്കിയ ഭരണാനുമതിക്കായി 6-2-2020-ൽ ജനറൽ ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ട്. (ഫയൽ നമ്പർ. എബി 3-939/2017).

വയനാട് തുരങ്കപാതയുടെ നിർമ്മാണം

17(4027) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വയനാട് തുരങ്കപാതയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുരങ്കപാതയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്?

(എ&ബി) വയനാട് തുരങ്കപാതയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും ടണൽ കീ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനുമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിനെ (കെ.ആർ.സി.എൽ.) നിയോഗിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവേ സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ പ്രകാരം ഈ പദ്ധതിക്കായി 658 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കെ.ആർ.സി.എൽ., ഡി.പി.ആർ. തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനകൾ നടന്നുവരുന്നു.

(സി) തുരങ്കപാതകൾ നിർമ്മിക്കുന്നതിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിച്ചിട്ടുള്ള പ്രാഥമിക ജിയോളജിക്കൽ/ജിയോടെക്നിക്കൽ പഠനം പ്രസ്തുത പാതയ്ക്കുവേണ്ടി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; റിപ്പോർട്ട് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പഠനം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാഥമിക ജിയോളജിക്കൽ, ജിയോടെക്നിക്കൽ പഠനം എസ്.പി.വി. ആയ കെ.ആർ.സി.എൽ. M/s. Qmax Techno Consultants Pvt. Ltd. എന്ന സ്ഥാപനം വഴി നടപ്പിലാക്കി. ഡി.പി.ആറിൽ ഉൾപ്പെടുത്തി സമർപ്പിച്ച പഠനറിപ്പോർട്ട് പരിശോധനാ ഘട്ടത്തിലാണ്.

(ഡി) പ്രസ്തുത ഇരങ്കപാതയ്ക്കുവേണ്ടി പരിസ്ഥിതി ആഘാത നിർണ്ണയ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത്; അതിനുവേണ്ടി എത്ര രൂക ചെലവഴിച്ചിട്ടുണ്ട്; റിപ്പോർട്ടിലെ വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

കൊല്ലങ്കോട് ഫയർ സ്റ്റേഷൻ നിർമ്മാണം

18(4028) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്കും പ്ലാസ്റ്ററിംഗ് വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. ടൈൽസ് വർക്കും പെയിന്റിംഗ് വർക്കും നടന്നുകൊണ്ടിരിക്കുന്നു. 30-11-2021-നുള്ളിൽ സിവിൽ വർക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റോഡുകളുടെ അറ്റകുറ്റപ്പണി

19(4029) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലമാകുമ്പോഴുള്ള സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശക്തമായ മഴയിൽ കുണ്ടുംകുഴിയുമായി മാറുന്ന വിധത്തിലുള്ള റോഡ് അറ്റകുറ്റപണി അവസാനിപ്പിക്കുന്നതിനും റോഡിലുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും മെയിന്റനൻസ് നടത്താതെ തന്നെ കാലങ്ങളോളം റോഡ് ഉപയോഗപ്രദമാക്കുന്നതിനും സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ വെളിപ്പെടുത്താമോ?